"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പെരുമ്പാവൂർ നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് പ്രൊമോട്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.മൈമൂനത്തു.കെ.ഇ, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(EKM) 1100/2023 നമ്പർ കേസിലെ 05.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1639/2023/LSGD    തീയതി,തിരുവനന്തപുരം, 11-08-2023

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീമതി.മൈമൂനത്തു.കെ.ഇ, സർക്കാരിൽ സമർപ്പിച്ച 04.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ (അനക്ഷർ എ8 )
3. ശ്രീമതി.മൈമൂനത്തു.കെ.ഇ, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(EKM) 1100/2023 നമ്പർ കേസിലെ 05.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2023 തീയതിയിലെ LSGD/PD/47293/2023-DEB6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി പെരുമ്പാവൂർ നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് പ്രൊമോട്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.മൈമൂനത്തു.കെ.ഇ, സർക്കാരിൽ സമർപ്പിച്ച പരാമർശം 2 അപ്പീൽ (അനക്ഷർ എ8) പ്രകാരം, തന്നെ നോർത്ത് പറവൂർ നഗരസഭയിലേക്ക് സ്ഥലം മാറ്റിയ ഉത്തരവ് റദ്ദാക്കണമെന്നും തനിക്ക് മൂവാറ്റുപുഴ, കോതമംഗലം എന്നീ മുനിസിപ്പാലിറ്റികളിലേക്കോ ഡ്രാഫ്റ്റ് ട്രാൻസ്ഫർ ലിസ്റ്റിൽ അലോട്ട് ചെയ്ത മുനിസിപ്പാലിറ്റിയിലേക്കോ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി.മൈമൂനത്തു.കെ.ഇ, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(EKM) 1100/2023 നമ്പർ കേസിലെ 05.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷക രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അനക്ഷർ എ8 അപ്പീൽ പരിശോധിച്ച്, കോടതി ഉത്തരവ് ലഭിച്ച തീയതി മുതൽ ഒരുമാസത്തിനുള്ളിൽ ആയതിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ ഇതിനകം അപേക്ഷകയെ നിലവിലുള്ള സ്റ്റേഷനിൽ നിന്ന് വിടുതൽ ചെയ്തിട്ടില്ലെങ്കിൽ, പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ ടിയാളെ നിലവിലുള്ള സ്റ്റേഷനിൽ നിന്ന് വിടുതൽ

ചെയ്യരുതെന്നും നിർദ്ദേശിക്കുകയുണ്ടായി.

2. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിന്റെയടിസ്ഥാനത്തിൽ ശ്രീമതി.മൈമൂനത്തു.കെ.ഇ,-യുടെ അപ്പീൽ അപേക്ഷ വിശദമായി പരിശോധിക്കുകയും, ആയതിന്റെ ഭാഗമായി ശ്രീമതി. മൈമൂനത്തിനെ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 02.08.2023-തീയതിയിൽ നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേട്ട സമയത്തെ ടിയാളുടെ വാദങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലെ ജനറൽ ട്രാൻസ്ഫർ 2023 ഡ്രാഫ്റ്റ് ക്യൂലിസ്റ്റ് പ്രകാരം സ്റ്റേഷൻ സീനിയോരിറ്റി 2-ാം നമ്പർ ആയിട്ടാണ് ടിയാളെ ഉൾപ്പെടുത്തിയിരുന്നത് എന്നും ഡ്രാഫ്റ്റ് ട്രാൻസ്ഫർ ലിസ്റ്റിൽ 4-ാം നമ്പറായി പിറവം മുനിസിപ്പാലിറ്റി അലോട്ട് ചെയ്തതായും, എന്നാൽ ഫൈനൽ ട്രാൻസ്ഫർ ഓർഡറിൽ 3-ാം നമ്പറായ നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയിലേക്കാണ് സ്ഥലംമാറ്റ ഉത്തരവ് ലഭിച്ചത് എന്നും അറിയിച്ചു. ഫൈനൽ ട്രാൻസ്ഫർ ഓർഡറിൽ ഡ്രാഫ്റ്റ് ട്രാൻസ്ഫർ ലിസ്റ്റിൽ ഇല്ലാതിരുന്നതും ക്യൂ ലിസ്റ്റ് പ്രകാരം തന്നെക്കാൾ ജൂനിയറുമായ റെനിമോൾ മാത്യൂ-വിനെ ടിയാൾക്കു അലോട്ട് ചെയ്തിരുന്ന പിറവം മുനിസിപ്പാലിറ്റിയിൽ പോസ്റ്റ് ചെയ്യുകയും നോർത്ത് പറവൂരിലേക്ക് അലോട്ട് ചെയ്തിരുന്ന 8 വർഷത്തോളം ഇൻസ്റ്റേഷൻ സീനിയോരിറ്റിയുള്ള ശ്രീകല കെ.റ്റി.യെ ട്രാൻസ്ഫറിൽ നിന്നു ഒഴിവാക്കി ടിയാളെ നോർത്ത് പറവൂർ നഗരസഭയിലേക്ക് സീനിയോരിറ്റി പരിഗണിക്കാതെ പോസ്റ്റ് ചെയ്യുകയും ചെയ്തു എന്നും അറിയിച്ചു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രഡേഷൻ ലിസ്റ്റിൽ 46-ാം നമ്പർ വരെയുള്ളവർക്കാണ് 1/3 Ratio promotion അനുവദിച്ചിട്ടുള്ളത് എന്നും ആയത് പ്രകാരമാണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -1 ആയി സംസ്ഥാന തലത്തിൽ അപേക്ഷിച്ചതെന്നും എന്നാൽ എറണാകുളം ജില്ലയിൽ ഹയർഗ്രേഡ് പ്രമോഷൻ ലഭിച്ചിട്ടുള്ള 37-ാം നമ്പർ ആയ ജെസ്സി ജോൺ, മൂവാറ്റുപുഴ മുനിസിപ്പാലിറ്റി, 39-ാം നമ്പർ ആയ സിജി പോൾ, കോതമംഗലം മുനിസിപ്പാലിറ്റി എന്നിവരെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 ആയി ജില്ലാ ട്രാൻസ്ഫർ ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തതായും, 1/3 Ratio promotion Higher Grade ലഭിച്ചിട്ടില്ലാത്ത 57-ാം നമ്പർ ആയ ഷൈബി.കെ.അലിയാർ 74-ാം നമ്പർ ആയ വിജി കുര്യാക്കോസ് എന്നിവരെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -1 സംസ്ഥാനതല ട്രാൻസ്ഫർ ലിസ്റ്റിൽ ഉൾപ്പെടുത്തിയാണ് ട്രാൻസ്ഫർ ഓർഡർ നൽകിയിട്ടുള്ളത് എന്നും അറിയിച്ചു. ശാരീരികമായി പലവിധ അസുഖങ്ങൾ മൂലം ബുദ്ധിമുട്ടുന്ന തനിക്കു ദീർഘദൂര യാത്ര ചെയ്യാനുള്ള ആരോഗ്യ സ്ഥിതി ഇല്ലായെന്നും നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയിലേക്ക് 21/2 മണിക്കൂറോളം യാത്രാദൂരമുണ്ട് എന്നും ദിവസവും അഞ്ച് മണക്കൂറോളം യാത്ര ചെയ്യാവുന്ന ശാരീരിക സ്ഥിതി അല്ലാത്തതുകൊണ്ട് മൂവാറ്റുപുഴ, കോതമംഗലം അല്ലെങ്കിൽ ഡ്രാഫ്റ്റിൽ അലോട്ട് ചെയ്ത പിറവം മുനിസിപ്പാലിറ്റിയോ നിലവിൽ ഒഴിവുള്ള കൂത്താട്ടുകുളം മുനിസിപ്പാലിറ്റിയിലേക്കോ ട്രാൻസ്ഫർ തരണമെന്ന് ശ്രീമതി.മൈമൂനത്തു.കെ.ഇ, അപേക്ഷിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 4 റിപ്പോർട്ട് പ്രകാരം, തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിലെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.മൈമൂനത്ത് കെ.ഇ (G49735) എന്നവരെ നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയിലേക്കാണ് സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളത് എന്നും ടി നിയമനത്തിനെതിരെ ശ്രീമതി.മൈമൂനത്ത് സമർപ്പിച്ച അപ്പീൽ പരിശോധിച്ചതായും അറിയിച്ചു. ടിയാൾ പൊതുസ്ഥലം മാറ്റത്തിനായി സമർപ്പിച്ച ഓൺലൈൻ അപേക്ഷ പരിശോധിച്ചതിൽ കോതമംഗലം, മൂവാറ്റുപുഴ

മുനിസിപ്പാലിറ്റികളിലേക്കു മാത്രമാണ് ഓപ്ഷൻ നൽകിയിട്ടുള്ളത് എന്നും ടി സ്ഥലങ്ങളിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തികയിൽ ഒഴിവുകൾ നിലവിലില്ലാത്തതാണ് എന്നും ശ്രീമതി.മൈമൂനത്ത് പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ 3 വർഷം പൂർത്തീകരിച്ചതിനാലാണ് (2016 മുതൽ ജോലി ചെയ്തു വരുന്നു) സ.ഉ.(പി)നം.3/2017/ഉ.പ.ഭ.വ തീയതി 25.02.2017 ഉത്തരവിലെ വ്യവസ്ഥ പ്രകാരം നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയിലേക്ക് മാറ്റപ്പെട്ടത് എന്നും കോതമംഗലം, മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റം ജില്ലാ തലത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടറാണ് നടത്തുന്നത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. കൂടാതെ ശ്രീമതി.മൈമൂനത്ത് പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ 2016 മുതൽ ജോലി ചെയ്തു വരുന്നതിനാൽ സ.ഉ.(പി)നം.3/2017/ഉ.പ.ഭ.വ തീയതി 25.02.2017 ഉത്തരവിലെ വ്യവസ്ഥ പ്രകാരം ടിയാൾ ടി സ്റ്റേഷനിൽ 3 വർഷം പൂർത്തീകരിച്ചതിനാൽ സ്ഥലം മാറ്റി നിയമനം നൽകേണ്ടത് അനിവാര്യമാണ് എന്നും ശ്രീമതി.മൈമൂനത്ത് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തികയിൽ ഉള്ള ആളായതിനാൽ ടി തസ്തിക നിലവിലുള്ള സ്ഥലത്ത് മാത്രമേ നിലവിൽ സ്ഥലം മാറ്റി നിയമിക്കുന്നതിന് സാധിക്കുകയുള്ളുവെന്നും ആയതിനാലാണ് ടിയാളെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1 തസ്തിക നിലവിലുള്ള നോർത്ത് പറവൂർ നഗരസഭയിലേക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളതെന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

5. സർക്കാർ ഇക്കാര്യം, ശ്രീമതി. മൈമൂനത്തു സമർപ്പിച്ച അപ്പീൽ അപേക്ഷ, നേരിൽ കേട്ട സമയത്ത് ലഭ്യമാക്കിയ വിവരങ്ങൾ, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട്, പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ നോർത്ത് പറവൂർ നഗരസഭയിലേക്ക് ശ്രീമതി.മൈമൂനത്തിന് സ്ഥലം മാറ്റം നൽകിയ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് ചട്ടപ്രകാരമാണ് എന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ശ്രീമതി.മൈമൂനത്ത്. കെ.ഇ.-യുടെ അനക്ഷർ എ8 അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പരിഗണനാർഹമല്ലായെന്ന് കണ്ട് ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ഒ.എ.(EKM) 1100/2023 നമ്പർ കേസിലെ 05.07.2023 തീയതിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.( ആമുഖ കത്ത് സഹിതം)
ശ്രീമതി.മൈമൂനത്തു.കെ.ഇ, സീനിയർ പബ്ലിക് ഹെൽത്ത് പ്രൊമോട്ടർ, പെരുമ്പാവൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 11-08-2023 15:10:39

സെക്ഷൻ ഓഫീസർ